പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3471 19.10.2016-ൽ മറുപടിയ്ക്ക്

## പൈപ്പുകളുടെ പൊട്ടലുകൾ പരിഹരിക്കാൻ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ മന്ത്രി) |
| എ ജലനിർഗ്ഗമനക്കുഴലുകൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കാൻ നിലവിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇവരുടെ പ്രവർത്തനം തൃപ്തികരമാണോ; വിശദമാക്കാമോ; | എ ഉണ്ട്. വാട്ടർ അതോറിറ്റിയിലെ ജലവിതരണ കുഴലുകളിലുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കരാർ അടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ നടപ്പിലാക്കി വരുന്നു. എന്നാൽ ചില മേഖലകളിൽ പണികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ കൃത്യസമയ ങ്ങളിൽ അറ്റകുറ്റപണികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി പൈപ്പുകളുടെ പൊട്ടലുകൾ പരിഹരിക്കാൻ കാലതാമസം നേരിടുകയോ ചിലപ്പോൾ പരിഹരിക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | ബി ഉണ്ട്. ബി.എം.ബി.സി/കെ.ആർ.എഫ്.ബി/ നാഷണൽ ഹൈവെ/കെ.എസ്.റ്റി.പി തുടങ്ങിയ ഉയർന്ന നിലവാരത്തിലുള്ള റോഡുകൾ അറ്റകുറ്റപണികൾക്കായി പൊളിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ചില ഘട്ടങ്ങളിൽ കാലതാമസം വരുന്നതിന്റെ ഭാഗമായി ഈ റോഡുകളിലെ പൈപ്പുകളുടെ പൊട്ടലുകൾ പരിഹരിക്കുവാൻ കാലതാമസം വരാറുണ്ട്. എന്നാൽ ഇത്തരം ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ചുകൊണ്ട് റോഡ് കട്ടിംഗ് സാങ്ഷനുകൾ ദ്രുതഗതിയിൽ ലഭ്യമാക്കി പൊട്ടലുകൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റ പണികൾ നടത്തി ജലവിതരണം പുന:സ്ഥാപിക്കുന്നുണ്ട്. |
| സി തകരാറുകൾ യഥാസമയം പരിഹരിക്കാൻ കുറ്റമറ്റ പുതിയ സംവിധാനത്തിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് അടിയന്തരമായി നടപ്പിലാക്കുമോ? | സി കരാർ വ്യവസ്ഥയിൽ നടപ്പാക്കുന്ന അറ്റകുറ്റപണികളുടെ കാലതാമസം ഒഴിവാക്കി അതോറിറ്റി നേരിട്ട് തന്നെ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ